# അക്കാദമിക
# മാസ്റ്റർ പ്ലാൻ
## 2025-2026
## എ.എൽ.പി.എസ്
## മുതുവത്തുപറമ്പ

ഉള്ളടക്കം :-

| നമ്പർ | പദ്ധതിയുടെ പേര് | കാലയളവ് |
|---|---|---|
| 1 | അക്കാദമിക് കാഴ്ചപ്പാട് - പൊതുലക്ഷ്യങ്ങൾ | 1 വർഷം |
| 2 | അക്ഷര ലോകം | 1 വർഷം |
| 3 | പുസ്തകത്തിലൂടെ | 1 വർഷം |
| 4 | വായനയുടെ പുതിയ ലോകം | 1 വർഷം |
| 5 | ബോധവൽക്കരണ ക്ലാസുകൾ | 1 വർഷം |
| 6 | ശില്പശാല | 1 വർഷം |
| 7 | പ്രതിഭയെ കണ്ടെത്തൽ | 1 വർഷം |
| 8 | വിജയഭേരി വിജയസ്പർശം | 1 വർഷം |
| 9 | പ്രകൃതിയോടൊപ്പം | 1 വർഷം |
| 10 | ഇംഗ്ലീഷ് വേൾഡ് - ഇംഗ്ലീഷ് ഭാഷ, പരിപോഷണം | 1 വർഷം |
| 11 | S-TALK | 1 വർഷം |
| 12 | സർഗോത്സവം | 1 വർഷം |
| 13 | കായികം | 1 വർഷം |
| 14 | ഗണിതം മധുരം | 1 വർഷം |
| 15 | നവമാധ്യമങ്ങളിൽ വിദ്യാലയം | 1 വർഷം |
| 16 | കുട്ടിയും ടീച്ചറും | 1 വർഷം |
| 17 | താളമേളം | 1 വർഷം |
| 18 | ഭൗതിക കാഴ്ചപ്പാട് | 1 വർഷം |
| 19 | അറബിക് മധുരം | 1 വർഷം |
| 20 | ബഡ്ഡി - ഉൾച്ചേർന്ന വിദ്യാഭ്യാസം. | 1 വർഷം |

# അക്കാദമിക് കാഴ്ചപ്പാട്

## പൊതുലക്ഷ്യങ്ങൾ

* കുട്ടികളെ സ്വതന്ത്രരായി മലയാളം എഴുതുവാനും വായിക്കുവാനും ആശയവിനിമയം നടത്തുവാനുമുള്ള പ്രാപ്തിയുള്ളവരാക്കും.
* അനുഭവത്തിലൂടെയുള്ള പഠനത്തിന് അവസരമൊരുക്കും
* സമൂഹ പങ്കാളിത്തത്തോടെ സ്കൂൾ ലൈബ്രറി വികസിപ്പിക്കും. എല്ലാ കുട്ടികളെയും വായനാശീലമുള്ളവരാക്കും
* കുട്ടികളിൽ വ്യക്തിത്വ വികസനത്തിനുള്ള വേദികൾ ഒരുക്കും
* കുട്ടിക്ക് പഠനപിന്തുണ നൽകാൻ രക്ഷിതാക്കളെ പ്രാപ്തരാക്കും
* പരമാവധി കുട്ടികൾക്ക് എൽ.എസ്.എസ് സ്കോളർഷിപ്പ് ലഭ്യമാക്കും
* കുട്ടികൾക്ക് കലാപഠനത്തിന് അവസരമൊരുക്കും. മേളകളിൽ മികച്ച വിജയം കൈവരിക്കും.
* കുട്ടികളുടെ പദസമ്പത്ത് വർദ്ധിപ്പിക്കും
* ജൈവ വൈവിധ്യ ഉദ്യാനം നിർമ്മിച്ച് കുട്ടികൾക്ക് പ്രകൃതിയുമായുള്ള നേരനുഭവത്തിന് വേദിയൊരുക്കും.
* ICT അധിഷ്ഠിത വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തും
* രക്ഷിതാക്കൾക്ക് ലൈബ്രറി പുസ്തക വിതരണം.
* ഇംഗ്ലീഷ് എഴുതാനും വായിക്കുവാനും എല്ലാ കുട്ടികളെയും പ്രാപ്തരാക്കും.
* കുട്ടികളുടെ സർഗാത്മക കഴിവുകൾ വികസിപ്പിക്കുന്നു.
* ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കും
* പരമാവധി കുട്ടികൾക്ക് എൽ. എസ്. എസ് സ്കോളർഷിപ്പ് ലഭ്യമാക്കും.

- മറ്റു മത്സര പരീക്ഷകളിൽ തയ്യാറാകുന്നതിനും പങ്കെടുക്കുന്നതിനും താല്പര്യം ഉണ്ടാവുകയും. പങ്കാളിയാകുന്നതിനും അവസരമൊരുക്കും
- ശാസ്ത്രമേള. കലാമേള തുടങ്ങിയ മേളകളിൽ പ്രവർത്തിപരിചയം നേടി പങ്കെടുത്ത് വിജയികളാകുന്നതിന്

3

## അക്ഷര ലോകം

ലക്ഷ്യങ്ങൾ :

- മുഴുവൻ കുട്ടികൾക്കും എഴുത്തും വായനയും പ്രാപ്തമാക്കൽ
- പഠനത്തിൽ കൂടുതൽ താൽപര്യം ഉളവാക്കൽ
- മുഴുവൻ കുട്ടികൾക്കും പഠനനേട്ടം ഉറപ്പിക്കൽ

| പ്രവർത്തനങ്ങൾ | സഹായ സ്രോതസ്സ് | ചുമതല | [illegible] |
|---|---|---|---|
| → പ്രീ ടെസ്റ്റ് നടത്തി കുട്ടികളുടെ പഠനനിലവാരം മനസ്സിലാക്കുന്നു.<br>→ കുട്ടികളെ ശരാശരി പഠനനേട്ടത്തിലേക്കെത്തിക്കുവാൻ ആവശ്യമായ മൊഡ്യൂളുകൾ തയ്യാറാക്കുന്നു.<br>→ ഓരോ മാസവും അവസാന ദിവസം തൊട്ടടുത്ത മാസത്തേക്കുള്ള മൊഡ്യൂളുകൾ തയ്യാറാക്കുന്നു.<br>→ പോസ്റ്റ് ടെസ്റ്റുകൾ നടത്തി സമ്മാനം നൽകുന്നു.<br>→ പ്രതിവാര എസ്. ആർ. ജികൾ സംഘടിപ്പിക്കുന്നു.<br>→ കുട്ടികളുടെ പുരോഗതികൾ വിലയിരുത്തി ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നു. | PTA | അധ്യാപകർ | |

## പുസ്തകത്തിലൂടെ

ലക്ഷ്യങ്ങൾ :-

- സ്കൂൾ ലൈബ്രറി ആകർഷകമായി പുസ്തകങ്ങളുടെ ഉപയോഗം ഫലപ്രദമാക്കുക
- ക്ലാസ് ലൈബ്രറി ശക്തിപ്പെടുത്തുന്നു.
- വായന പ്രോത്സാഹിപ്പിക്കുന്നതിന് വൈവിധ്യമാർന്ന അവസരങ്ങളൊരുക്കുന്നു.
- അധിക വായന പ്രോത്സാഹിപ്പിക്കുന്നതിന് സ്കൂൾ തലത്തിൽ ലൈബ്രറിയിൽ നിന്ന് പുസ്തകം തിരഞ്ഞെടുക്കുവാനുള്ള അവസരം.

| പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം | കാലയളവ് |
|---|---|---|---|
| - നിലവിൽ ലൈബ്രറി ലഭ്യമായ പുസ്തകങ്ങളെ ഇനം തരം തിരിക്കുന്നു<br>- ഓരോ ക്ലാസിനും ഉപയോഗിക്കാവുന്ന പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു<br>- വിവിധ വിഷയങ്ങളിൽ ഓരോ ക്ലാസിനും ഇണങ്ങും വായന പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു<br>- ക്ലാസ് പി ടി എ അധ്യാപകർ അഭ്യുദയാകാംക്ഷികൾ എന്നിവരുടെ സഹകരണത്തോടെ വിഭവ സമാഹരണവും പുസ്തക ശേഖരണവും<br>- ക്ലാസ് ലൈബ്രറി സംവിധാനം ഒരുക്കുന്നു. പിറന്നാളിനൊരു പുസ്തകം ലൈബ്രറി പദ്ധതി നടപ്പിലാക്കുന്നു | ക്ലാസ് ടീച്ചർ | PTA | |

# വായനയുടെ പുതിയ ലോകം

ലക്ഷ്യങ്ങൾ :-

- മുഴുവൻ കുട്ടികളെയും വായനശീലമുള്ളവരാക്കുക.
- വായനാ അനുഭവങ്ങൾ വിവിധ രീതിയിൽ അവതരിപ്പിക്കുന്നതിന് അവസരം സൃഷ്ടിക്കുക.
- സംയുക്ത വായന – രക്ഷിതാവും കുട്ടിയും ഒരുമിച്ചുള്ള വായന
- എല്ലാ ദിവസവും പത്രത്തിലെ പ്രധാന വാർത്തകൾ അസംബ്ലിയിൽ വായിച്ചവതരിപ്പിക്കുന്നു.

| പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം | |
|---|---|---|---|
| - ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ<br>- വായനാമൂല, ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ<br>- വായനോത്സവം സംഘടിപ്പിക്കൽ<br>- ദിവസവും പത്രവാർത്തകൾ വായിക്കാൻ അവസരം നൽകുന്നു.<br>- സംയുക്ത വായന<br>- ദിനാചരണങ്ങൾ - ആനുകാലിക പ്രസിദ്ധീകരണങ്ങൾ.<br>- വായന സാമഗ്രികൾ വികസിപ്പിക്കൽ<br>- വായന കാർഡുകൾ തയ്യാറാക്കൽ<br>- ദിവസവും അസംബ്ലിയിലും ചിന്താവിഷയം അവതരിപ്പിക്കൽ. | | | |

## ബോധവത്കരണ ക്ലാസുകൾ

കുട്ടികൾക്കും രക്ഷിതാക്കൾക്കും വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് ബോധവത്കരണ ക്ലാസുകൾ ഈ അധ്യയന വർഷത്തിൽ സംഘടിപ്പിക്കുന്നു. കുട്ടികളിൽ അത്യാവശ്യമായി അറിയേണ്ട പൊതുവായ വിഷയങ്ങൾ കണ്ടെത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്താണ് സംഘടിപ്പിക്കുന്ന ക്ലാസുകളിലൂടെ സ്കൂൾ കുട്ടികളിലും സമൂഹത്തിലും അവബോധം സൃഷ്ടിക്കൽ. ഭക്ഷ്യാരോഗ്യം, അപകടം, റോഡ് നിയമങ്ങൾ, നൽശീലങ്ങൾ, ശുചിത്വം, ലഹരി വിമുക്തമാക്കൽ, സൈബർ ലോകത്തെ കുറ്റകൃത്യങ്ങൾ കുട്ടികൾക്കിടയിൽ, ഡിജിറ്റൽ അപകടം. എന്നീ മേഖലകളിൽ ഊന്നിയുള്ള ബോധവത്കരണം.

### ലക്ഷ്യങ്ങൾ

* രക്ഷിതാക്കളിലും കുട്ടികളിലും പുതിയ പാഠങ്ങളും ശരിയായ അറിവുകളും പകർന്നു നൽകുന്നു.
* ബോധവത്കരണത്തിലൂടെ ഓരോ വിഷയങ്ങളിലും ശരിയായ അവബോധം ഉണ്ടാക്കൽ.
* കുറ്റവിമുക്തമായ പുതുതലമുറയെ സൃഷ്ടിക്കൽ.
* ആരോഗ്യത്തിന് പ്രാധാന്യം നൽകിയുള്ള ജീവിതരീതി സ്വീകരിക്കുന്നതിന്.

| പ്രവർത്തനങ്ങൾ | ചുമതലകൾ | സാമ്പത്തികം |
|---|---|---|
| വിവിധ വിഷയങ്ങൾ ഉൾപ്പെടുന്നു. ആരോഗ്യപ്രവർത്തകർ, [illegible] ഡോക്ടർമാർ മറ്റ് വകുപ്പുതല RP മാർ എന്നിവരെ ഉൾപ്പെടുത്തി കഴിയുന്ന മാസങ്ങളുടെ അവസാനത്തിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പി[illegible] | ടീച്ചർ, H.M. ആരോഗ്യപ്രവർത്തകർ.., R.P | |

# ശില്പശാല

## ലക്ഷ്യങ്ങൾ

രക്ഷിതാക്കളുടെയും കുട്ടികളുടെയും സഹകരണത്തോടെ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.

- വായനാകാർഡുകൾ, അക്ഷരങ്ങൾ നിർമ്മാണം - ചിത്രങ്ങളും അക്ഷരങ്ങളും മനസ്സിലാക്കുന്നതിന്
- കുട്ടികളിലെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാരം കണ്ടെത്തുന്നതിനും
- കുട്ടികളിലെ സർഗ്ഗാത്മക, നിർമ്മാണ കഴിവുകളെ വികസിപ്പിക്കുന്നു.

| പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം |
|---|---|---|
| **പഠനോപകരണ ശില്പശാല**<br>ഗണിതം, മലയാളം, ഇംഗ്ലീഷ് എന്നിവയുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ. അക്ഷരങ്ങൾ വാക്കുകൾ, ചെറിയ വാചകങ്ങൾ എന്നിവ ഉൾപ്പെടുന്ന വായനാകാർഡ് നിർമ്മാണം. | അധ്യാപകർ | അധ്യാപകർ PTA. |
| **ആരോഗ്യ ശില്പശാല**<br>കുട്ടികളുടെ കാഴ്ച, കേൾവി, സംസാര വൈകല്യം എന്നിവ കണ്ടെത്തുന്നതിനായി ആരോഗ്യ ക്ലാസ് നടത്തുന്നു. | | |
| **പ്രവൃത്തി പരിചയ ശില്പശാല**<br>പേപ്പർ, പാഴ്വസ്തുക്കൾ ഇവ ഉപയോഗിച്ച് വിവിധ രൂപങ്ങൾ നിർമ്മിക്കുന്നതിന് ക്ലാസ് നടത്തുന്നതിന് | | |

# പ്രതിഭയെ കണ്ടെത്തൽ

ലക്ഷ്യങ്ങൾ:-

- എല്ലാ മത്സരപരീക്ഷകളിലും ക്വിസ് മത്സരങ്ങളിലും മികച്ച വിജയം
- പരമാവധി കുട്ടികൾക്ക് എൽ. എസ്. എസ് സ്കോളർഷിപ്പ് ലഭ്യമാക്കും
- മിടുക്കരായ കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം.

| പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം |
|---|---|---|
| → എല്ലാ ദിവസവും വായന | | |
| → പൊതുവിജ്ഞാനവുമായി ബന്ധപ്പെട്ട വാർത്തകൾ / ചോദ്യങ്ങൾ | | |
| → എല്ലാ ആഴ്ചയിലും ക്ലാസ്തല ക്വിസ് സ്കൂൾ തല ക്വിസ് [illegible] വർഷാവസാനം മെഗാ ക്വിസ് | | |
| → ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് മെഗാക്വിസ് | | |
| → LSS മോഡൽ പരീക്ഷകൾ | | |
| → LSS പ്രത്യേക പരിശീലനം. | | |
| → വാർഷികത്തോടനുബന്ധിച്ച് അമ്മമാർക്ക് മെഗാ ക്വിസ്. | | |

# വിജയഭേരി വിജയസ്പർശം

ലക്ഷ്യം :

ഒന്ന് മുതൽ 4 വരെയുള്ള ക്ലാസുകളിലെ ഭാഷ പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ മുൻ നിരയിലെത്തിക്കാൻ

| പ്രവർത്തനങ്ങൾ | സാമ്പത്തികം | ചുമതല | കാലയളവ് |
|---|---|---|---|
| → പ്രീ ടെസ്റ്റ് നടത്തി കുട്ടികളുടെ പഠന നിലവാരം മനസ്സിലാക്കുന്നു<br>→ ഓരോ കുട്ടിയുടെയും നിലവാരത്തിനനുസരിച്ചുള്ള മൊഡ്യൂളുകൾ തയ്യാറാക്കുന്നു<br>→ പ്രതിദിനം നിശ്ചിത സമയം കേന്ദ്രീകരിച്ച് ക്ലാസുകൾ നൽകുന്നു.<br>→ പുരോഗതി വിലയിരുത്തുന്നു.<br>→ മൊഡ്യൂളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നു.<br>→ പോസ്റ്റ് ടെസ്റ്റ് നടത്തി മികവുകൾ രക്ഷിതാക്കളെ അറിയിക്കുന്നു. | PTA | അധ്യാപകർ | 1 വർഷം |

# പ്രകൃതിയോടൊപ്പം

ലക്ഷ്യങ്ങൾ

- ഒന്നു മുതൽ നാലുവരെ ക്ലാസുകളിലെ പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിന്
- ശാസ്ത്ര മൂല ഉറപ്പാക്കുക.
- പുതിയ തലമുറയിൽ കാർഷിക സംസ്കാരം വളർത്തിയെടുക്കുന്നതിന്
- ലഘു പരീക്ഷണങ്ങൾ – അസംബ്ലി അവതരണം.

| പ്രവർത്തനങ്ങൾ | സാമ്പത്തികം | ചുമതല | [illegible] |
|---|---|---|---|
| → പി.ടി.എ യോഗത്തിൽ ശാസ്ത്രമൂല സംബന്ധിച്ച അവതരണം.<br>→ ഓരോ യൂണിറ്റുമായി ബന്ധപ്പെട്ട് നടത്തേണ്ട ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു സാമഗ്രികൾ ശേഖരിക്കുന്നു നിർമ്മിക്കുന്നു<br>→ കൂടുതൽ ചെടികളും ഔഷധ സസ്യങ്ങളും ഉൾപ്പെടുത്തി ജൈവ വൈവിധ്യ ഉദ്യാനം കൂടുതൽ മെച്ചപ്പെടുത്തുന്നു.<br>→ ഔഷധ സസ്യങ്ങളുടെ പ്രാധാന്യങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുന്നു. | | ക്ലാസ് അധ്യാപകർ | |

## English world [ഇംഗ്ലീഷ് ഭാഷാ പരിപോഷണം]

### ലക്ഷ്യങ്ങൾ

* എല്ലാ കുട്ടികളെയും ഇംഗ്ലീഷ് വായിക്കുവാനും എഴുതുവാനും പ്രാപ്തരാക്കുക.
* കുട്ടികളുടെ ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കുന്നു.
* ഇംഗ്ലീഷ് ഭാഷയിലുള്ള ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നു.
* ഇംഗ്ലീഷ് സംസാരിക്കുന്നതിനുള്ള പ്രേരണ നൽകുന്നു.

| പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം |
| --- | --- | --- |
| * പഠന നിലവാരം കണ്ടെത്താൻ ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പോരായ്മകളും കണ്ടെത്തുന്നു.<br>* പരിമിതികൾ പരിഹരിക്കാനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു.<br>* എല്ലാ വ്യാഴാഴ്ചയും ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു.<br>* ഇംഗ്ലീഷ് കഥ വായന കാർഡുകളും പുസ്തകങ്ങളും കുട്ടികൾക്ക് നൽകുന്നു.<br>* എല്ലാ ആഴ്ചകളിലും ഇംഗ്ലീഷ് പരിപാടികൾ നടത്തുന്നു. [My self, My story telling]<br>* one day one word:- ദിവസവും ഒരു ഇംഗ്ലീഷ് പദം കുട്ടികൾക്ക് പഠിക്കാൻ നൽകുന്നു. വിലയിരുത്തുന്നു. | അധ്യാപകർ | PTA |

# S - TALK

ലക്ഷ്യങ്ങൾ

* മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് സംസാരിക്കുന്നതിനുള്ള കഴിവ് നേടുക
* ഇംഗ്ലീഷ് ഭാഷയിലൂടെയുള്ള ആത്മവിശ്വാസം വർദ്ധിപ്പിക്കുക.
* ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്നതിനുള്ള പിന്തുണ, സപ്പോർട്ട് നൽകുന്നു.

| പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം |
|---|---|---|
| * മുഴുവൻ കുട്ടികൾക്കും Spoken English ക്ലാസുകൾ നൽകുന്നു.<br>* കൃത്യമായ മൊഡ്യൂളുകൾ തയ്യാറാക്കി കൃത്യമായ സമയം ക്രമീകരിച്ച് മുഴുവൻ കുട്ടികൾക്കും ക്ലാസുകൾ നൽകുന്നു.<br>* കൃത്യമായ ഇടവേളകളിൽ വിലയിരുത്തലിന് വിധേയമാക്കി വേണ്ട മാറ്റങ്ങൾ വരുത്തി ഫലപ്രദമായ ക്ലാസുകൾ നൽകുന്നു.<br>* S Talk<br>* കുട്ടികൾക്ക് ഇഷ്ടമുള്ള വിഷയം തെരഞ്ഞെടുത്ത് ഇംഗ്ലീഷിൽ അസംബ്ലിയിൽ സംസാരിക്കാനുള്ള അവസരം നൽകുന്നു.<br>* നിശ്ചിത സമയത്തിന് ശേഷം S-Talk കുട്ടികൾക്കായി മത്സരം നടത്തുന്നു. സമ്മാനങ്ങൾ നൽകുന്നു. | അധ്യാപകർ | PTA |

# സർഗോത്സവം

1) ബാലസഭ
2) രചനോത്സവം

ലക്ഷ്യങ്ങൾ :

- കുട്ടികളുടെ ഭാവന വികസിപ്പിക്കുന്നതിന്
- കുട്ടികളുടെ രചനാശേഷി വർധിപ്പിക്കൽ

| പ്രവർത്തനങ്ങൾ | സാമഗ്രികൾ | ചുമതല | കാലയളവ് |
|---|---|---|---|
| • കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കുന്നതിന് എല്ലാ മാസവും ബാലസഭ നടത്തുന്നു.<br>• കുട്ടികളിൽ ഭാവന വളർത്തുന്നതിന് വേണ്ടി കഥ. കവിത സ്വയം എഴുതുന്നതിന് അവസരം നൽകുന്നു.<br>• സ്വായത്തമായ അറിവുകൾ ഭാഷയിലൂടെയോ സാഹിത്യത്തിലൂടെ അവതരിപ്പിക്കുന്നതിന് അവസരം നൽകുന്നു.<br>• കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കുന്നു.<br>• സർഗാത്മക ശേഷികൾ മെച്ചപ്പെടുത്തി മത്സര മനോഭാവം ഉണർത്തുന്നു. | | അധ്യാപകർ | |

# കായികം

ലക്ഷ്യങ്ങൾ :-

- വിദ്യാർത്ഥികളുടെ കായിക ശേഷി വർദ്ധിപ്പിക്കുന്നതിന്
- കുട്ടികൾക്ക് കരാട്ടെ നൈപുണ്യം നേടിയെടുക്കൽ
- വ്യായാമത്തിന്റെ പ്രാധാന്യം മനസ്സിലാക്കൽ.
- ഫുട്ബോളിൽ മികവുള്ള കുട്ടികളെ കണ്ടെത്തൽ.

| പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം |
|---|---|---|
| - എയ്റോബിക്സ് പരിശീലനം | | |
| - ഫുട്ബോൾ പരിശീലനം | | |
| - കരാട്ടെ പരിശീലനം | അധ്യാപകർ | PTA |
| - മത്സരങ്ങളിൽ പങ്കെടുപ്പിക്കൽ | | |
| - കായിക മേള സംഘടിപ്പിക്കൽ. | | |

# ഗണിതം_മധുരം

## ലക്ഷ്യങ്ങൾ

1. കുട്ടികളെ മികച്ച രീതിയിൽ ഗണിത ശേഷിയിൽ പ്രത്യേകിച്ച് ചതുഷ്-ക്രിയകൾ നന്നായി അപഗ്രഥിച്ച് നിർദ്ധാരണം ചെയ്യാനുള്ള വഴിയൊരുക്കുന്നു.
2. വിവിധ ഗണിത കേളികളിലൂടെ സംഖ്യാബോധം ഉറപ്പിക്കൽ
3. ഗണിതലാബ് സജ്ജീകരിക്കുന്നു. പഠനോപകരണ ശില്പശാല സംഘടിപ്പിക്കുന്നു
4. ഗണിതം മനക്കണക്കിലൂടെ മധുരമാക്കാനുള്ള വഴിയൊരുക്കുന്നു.

| പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം |
|---|---|---|
| * എണ്ണൽസംഖ്യകൾ സ്ഥാനവില ഉറപ്പിക്കാനായി മഞ്ചാടി, ഗണിതകാർഡ് തുടങ്ങിയവ ഉപയോഗിച്ച് ഗണിത കേളികൾ സംഘടിപ്പിക്കുന്നു.<br>* വിവിധതരത്തിലുള്ള മാന്ത്രികചതുരങ്ങൾ ലൈബ്രറി, പുസ്തകങ്ങളിൽ നിന്നും ശേഖരിച്ച കുസൃതികണക്കുകൾ<br>* ബ്ലോക്ക് വച്ച് നിർമ്മിച്ച് (ഗ്രൂപ്പിൽ) പഠനത്തിന് ഉപയോഗിക്കുന്നു.<br>* ചതുരം, ത്രികോണം, വൃത്തം തുടങ്ങിയ രൂപങ്ങൾ ഉപയോഗിച്ച് പാറ്റേൺ, ചിത്രങ്ങൾ തുടങ്ങിയ വഴിയിലൂടെ ആശയഗ്രഹണം<br>* ഗണിതാശയ രൂപീകരണത്തിനാവശ്യമായ സാമഗ്രികൾ നിർമിക്കുന്നു.<br>* ഗണിതലാബ് സജ്ജീകരിക്കുന്നതിന് വേണ്ടി രക്ഷിതാക്കൾക്കുള്ള പഠനോപകരണ ശില്പശാല സംഘടിപ്പിക്കുന്നു. | അധ്യാപകർ | P.T.A |

# നവമാധ്യമങ്ങളിൽ വിദ്യാലയം

ലക്ഷ്യങ്ങൾ

* സ്കൂളിലെ പ്രവർത്തനങ്ങൾ തനിമയോട് കൂടി പൊതുസമൂഹത്തിന് മുമ്പിൽ അവതരിപ്പിക്കുക.
* വിദ്യാലയത്തിലെ അക്കാദമിക പ്രവർത്തനങ്ങളും കലാ കായിക ശാസ്ത്ര രംഗത്തെ പ്രവർത്തനങ്ങളും നവമാധ്യമങ്ങളിലൂടെ സമൂഹത്തിൽ അവതരിപ്പിക്കാൻ.

| പ്രവർത്തനങ്ങൾ | സാമ്പത്തികം | ചുമതല |
|---|---|---|
| * വിദ്യാലയത്തിലെ പാഠ്യപാഠ്യേതര രംഗങ്ങളിലെ പ്രവർത്തനങ്ങൾ നവമാധ്യമങ്ങളിലൂടെ സമൂഹത്തിന് മുമ്പിൽ അവതരിപ്പിക്കുന്നു.<br>* സ്കൂളിലെ പ്രവർത്തനങ്ങൾ [illegible] വാർത്താ ചാനലിൽ പ്രദർശിപ്പിക്കുന്നു.<br>* വാർത്താ ചാനൽ രൂപീകരിക്കുന്നു. പ്രവർത്തന റിപ്പോർട്ടുകൾ അവതരിപ്പിക്കുന്നു. | അധ്യാപകർ<br>PTA | അധ്യാപകർ |

# കുട്ടിയും ടീച്ചറും

ലക്ഷ്യങ്ങൾ:-

- കുട്ടികളും അധ്യാപികയും തമ്മിലുള്ള മാനസിക അടുപ്പം ഊർജ്ജിതമാക്കൽ.
- കുട്ടികൾക്ക് പഠന പിന്തുണ നൽകാൻ രക്ഷിതാക്കളെ പ്രാപ്തരാക്കൽ.
- ക്ലാസ് പ്രവർത്തനങ്ങളിലെ രക്ഷിതാക്കളുടെ പങ്കാളിത്തം
- പ്രാദേശിക വിഭവ സമാഹരണം.

| പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം |
|---|---|---|
| → ഗൃഹസന്ദർശനം<br>→ രക്ഷിതാവും അധ്യാപികയും തമ്മിലുള്ള ബന്ധം ഊർജ്ജിതപ്പെടുത്തൽ.<br>→ എല്ലാ മാസവും യൂണിറ്റ് ടെസ്റ്റ് നടത്തി സി.പി.ടി.എ വിളിച്ചു ചേർക്കുന്നു. അവലോകനം ചെയ്ത് പരിഹാര ബോധന പ്രവർത്തനങ്ങൾ നൽകുന്നു.<br>→ സ്ഥിരമായി വരാതിരിക്കുന്ന രക്ഷിതാക്കളെ കണ്ടെത്തി അവരെ മീറ്റിംഗിൽ പങ്കെടുപ്പിക്കാനുള്ള പ്രചോദനം നൽകുന്നു.<br>→ രക്ഷിതാക്കളുടെ വാട്സ്ആപ്പ് ഗ്രൂപ്പ് ഉണ്ടാക്കി പഠന പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് നേരിട്ടും കാണാനും ഉള്ള അവസരമൊരുക്കുന്നു.<br>→ തുറന്ന ക്ലാസ് മുറികൾ- രക്ഷിതാവിന് ക്ലാസിൽ വന്ന് കുട്ടി പഠിക്കുന്നത് കാണുവാൻ അവസരം നൽകുന്നു.<br>→ സി പി ടി എയിൽ രക്ഷിതാക്കൾക്ക് പ്രത്യേകം ബോധവൽക്കരണങ്ങൾ<br>→ കുട്ടികളുടെ അധ്യക്ഷതയിലുള്ള സി.പി.ടി.എ<br>രക്ഷിതാക്കൾക്ക് വായന പരിപോഷിപ്പിക്കുന്നതിന് വേണ്ടി പുസ്തകം നൽകൽ | അധ്യാപകർ | PTA |

# നാടകമേളം.

- കാവ്യോത്സവം
- റീഡേഴ്സ് തിയേറ്റർ
- സചിത്ര ഡയറി

## ലക്ഷ്യങ്ങൾ

- കുട്ടികളുടെ സർഗാത്മക കഴിവുകളെ വികസിപ്പിക്കൽ
- കുട്ടികളുടെ താളബോധം, വായനാരീതി ഉച്ചാരണം എന്നിവ മെച്ചപ്പെടുന്നു.
- കവിതകൾ താളബോധത്തോടെ ആവിഷ്കരിക്കുന്നു.
- കുട്ടികളുടെ രചനാശേഷി വർദ്ധിപ്പിക്കൽ.
- ശബ്ദവ്യതിയാനങ്ങളിലൂടെ കഥാപാത്രങ്ങളെ അവതരിപ്പിക്കൽ
- കുട്ടികളിലെ ഭാഷാശേഷിയോടൊപ്പം രചനാശേഷി വർദ്ധിപ്പിക്കൽ.

| പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം. |
|---|---|---|
| • പ്രാദേശിക വിഭവങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഉപയോഗപ്രദമായ വാദ്യോപകരണങ്ങൾ നിർമ്മിക്കുന്നു. (ചിരട്ട, കമ്പ്, കുപ്പി, കല്ല്)<br>• രക്ഷിതാക്കളുടെ സാന്നിധ്യത്തിൽ കാവ്യോത്സവം സംഘടിപ്പിക്കുന്നു.<br>• കുട്ടികൾ കവിതകൾ ദൃശ്യവൽക്കരിക്കുന്നു<br>• ശബ്ദവ്യതിയാനങ്ങളോടെ യഥാർത്ഥ കഥാപാത്രങ്ങളെ അവതരിപ്പിക്കൽ. നാടകം, സംഭാഷണം തുടങ്ങിയവക്ക് ഉതകുന്ന രീതിയിൽ.<br>• സർഗാത്മക കഴിവുകളോടൊപ്പം രചനാശേഷി കൂടി വർദ്ധിപ്പിക്കുന്നു.<br>കഥ, കവിത സ്വയം എഴുതുന്നതിന് അവസരം | അധ്യാപകർ<br>വിദ്യാരംഗം കൺവീനർ | PTA |

# ഭൗതിക കാഴ്ചപ്പാട്

…ഭാനുവഴി ചർച്ച ചെയ്തത്

| പ്രവർത്തനങ്ങൾ | സാമ്പത്തികം |
|---|---|
| * ഒന്ന് രണ്ട് - പുതിയ ക്ലാസ്സ്റൂമുകൾ നിർമ്മിച്ചിട്ടുണ്ട് അവ ഞങ്ങടെ ക്ലാസ്സ്റൂമിലേക്ക് മാറ്റുക<br>* വൈറ്റ് ബോർഡില്ലാത്ത ക്ലാസുകളിലേക്ക് വൈറ്റ് ബോർഡ് വാങ്ങിക്കുക.<br>* സ്കൂൾ മുറ്റം ഇന്റർലോക്ക് ഇട്ട് ഭംഗിയാക്കുക.<br>* ക്ലാസ് മുറികൾ ടൈൽ ഇടുക.<br>* ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം മെച്ചപ്പെടുത്തുന്നു.<br>* ജൈവവൈവിധ്യ ഉദ്യാനം കൂടുതൽ സസ്യങ്ങൾ ഉൾപ്പെടുത്തി മെച്ചപ്പെടുത്തുന്നു.<br>* ക്ലാസ്റൂമുകൾ ശീതീകരിക്കുക. | |

# അറബിക് മധുരം

## ലക്ഷ്യങ്ങൾ

• അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുന്നതിന്

| പ്രവർത്തനം | ഭൗതികം | ചുമതല വഹിക്കുന്നവർ |
|---|---|---|
| • ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു<br>• പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് അറബിക് മധുരം ക്ലാസ് നൽകുക | പുസ്തകങ്ങൾ | അധ്യാപകർ |

2. വായനാ ലോകം

- കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ
- നല്ല വായനക്കാരനാക്കുക

| പ്രവർത്തനങ്ങൾ | ഭൗതികം | ചുമതല |
|---|---|---|
| - അറബിക് ലൈബ്രറി പുസ്തകങ്ങൾ<br>• ചിത്ര കഥ<br>• കഥ പുസ്തകം<br>• കുട്ടിക്കവിതകൾ<br>• ചെറിയ വിവരണ ബുക്കുകൾ<br>• അറബിക് ക്വിസ് | ക്ലാസ് ലൈബ്രറി<br>പുസ്തകങ്ങൾ | അധ്യാപകർ |

| പ്രവർത്തനങ്ങൾ | ഭൗതികം | ചുമതല |
|---|---|---|
| • ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ച് മിനുട്ടിൽ ഒരാൾ ഒരു പുസ്തകത്തിന്റെ ഒരു പേജ് ഉറക്കെ വായിക്കുക | പുസ്തകം | അധ്യാപകർ |

3. ആസ്വാദന ലോകം

| പ്രവർത്തനങ്ങൾ | ഭൗതികം | ചുമതല |
|---|---|---|
| • പാടാനും പറയാനും കഴിയുന്ന വിവിധ പ്രതിഭകളെ കണ്ടെത്തി അത്തരം കുട്ടികളെ പ്രോത്സാഹിപ്പിക്കുവാനും ക്ലാസിൽ മാസത്തിലൊരിക്കൽ ആസ്വാദന സദസ്സ് ചേരുക<br>• ഖുർആൻ കഥകൾ, ഗുണപാഠ കഥകൾ ആനിമേഷൻ വീഡിയോകൾ മുതലായവ പ്രൊജക്ടറിന്റെ സഹായത്തോടെ പ്രദർശിപ്പിക്കുക | പ്രൊജക്ടർ | അധ്യാപകർ |

4. പദപരിചയം

| പ്രവർത്തനങ്ങൾ | | |
|---|---|---|
| അറബിക് അധ്യാപകന്റെ മേൽനോട്ടത്തിൽ എല്ലാ ദിവസവും ഒരു അറബിക് | | |

പഠനം കുട്ടികളെ പരിചയപ്പെടുത്തുന്നു
കുട്ടികൾ ആ പഠനം അറബിക്
നോട്ട്ബുക്കിൽ എഴുതുന്നു.
മാസത്തിലൊരിക്കൽ കയ്യെഴുത്ത്
നന്നായി മികച്ച് നിൽക്കുന്ന കുട്ടികൾക്ക്
സമ്മാനം നൽകുന്നു.

5. അറബിക് അസംബ്ലി

| പ്രവർത്തനങ്ങൾ | തീയതി | ചുമതല |
|---|---|---|
| • മാസത്തിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക | | അധ്യാപകർ |

6. അറബിക് ദിനാചരണം

| പ്രവർത്തനങ്ങൾ | തീയതി | ചുമതല |
|---|---|---|
| • മികച്ച അറബിക് കലാ അവതരണം<br>• അറബിക് എക്സിബിഷൻ | | അധ്യാപകർ<br>PTA |

7. നല്ല എഴുത്ത്

| കുട്ടികളുടെ പ്രവർത്തനങ്ങൾ | തീയതി | ചുമതല |
|---|---|---|

• ഓരോ കുട്ടികൾക്കും വർക്ക് ബുക്കുകൾ നൽകി work book പരിശീലനം നൽകുന്നു
• വർഷത്തിൽ ഒരിക്കൽ കയ്യെഴുത്ത് മാസിക തയ്യാറാക്കുക

# ബഡ്ഡി - ഉൾച്ചേർന്ന വിദ്യാഭ്യാസം

ലക്ഷ്യങ്ങൾ

* കുട്ടികളിൽ പരസ്പര സഹകരണ മനോഭാവം, അനുകമ്പ തുടങ്ങി മൂല്യങ്ങൾ കുട്ടികളിൽ വളർത്തിയെടുക്കൽ
* പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികളെ സ്കൂളിലെ മുഴുവൻ പഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുക.
* നേതൃഗുണം, വളർത്തിയെടുക്കൽ.

| പ്രവർത്തനങ്ങൾ | | |
|---|---|---|
| | സാമ്പത്തികം | ചുമതല |
| * വിദ്യാലയത്തിലെ മുഴുവൻ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ ഭിന്നശേഷി പ്രത്യേക പരിഗണന അർഹിക്കുന്നവരെ ഉൾപ്പെടുത്താൻ പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.<br>* മറ്റു കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് ബഡ്ഡികളാക്കി മാറ്റി IEDC കുട്ടികൾക്കാവശ്യമായ സഹായങ്ങൾ നൽകുന്നു.<br>* IEDC കുട്ടികൾക്കായി ബഡ്ഡികളെ ഉൾപ്പെടുത്തി അക്കാദമിക ഭൗതിക സൗകര്യങ്ങൾ ഉയർത്തുന്നു. | PTA | അധ്യാപകർ |